ഉത്തരം

(എ & ബി) കേരള ലോകായുക്തയിൽ ഹയർ ചെയ്തിരുന്ന 234/2000 നമ്പർ പരാതിയിൽമേൽ 11-10-2002-ൽ പുറപ്പെടുവിച്ച ഉത്തരവ് അനുസരിച്ച് കരാവാരം 324-ാം നമ്പർ സർവ്വീസ് സഹകരണ ബാങ്കിൽ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടത്തുകയും റിപ്പോർട്ട് ലഭിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിൽ സംഘം ഭരണസമിതിയും സെക്രട്ടറിയും ഫണ്ട് ദുർവിനിയോഗം നടത്തിയതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ സർചാർജ് ചെയ്തു തുക ഈടാക്കുന്നതിനായി 1969-ലെ സഹകരണസംഘം നിയമം വകുപ്പ് 68 (1) പ്രകാരം അന്വേഷണം നടത്തി ഉത്തരവാദിത്വം നിർണ്ണയിക്കുന്നതിന് 27-6-2003-ലെ ഉത്തരവുപ്രകാരം, ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന നിർദ്ദേശത്തോടെ, അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(സി) നടത്തിയിരുന്നു.

(ഡി) 27-1-2003-ൽ നടത്തിയ വിശദപരിശോധനയിൽ സാമ്പത്തിക തിരിമറി നടത്തിയതായി കണ്ടെത്തുകയുണ്ടായി.

ജൂനിയർ ആഡിറ്റർ/ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റ്

115 (4275) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിൽ ജൂനിയർ ആഡിറ്റർമാർ/ഇൻസ്പെക്ടർമാർ എന്നിവരെ നേരിട്ട് നിയമിക്കുന്നതിന് റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് തീരും. കാലാവധി ദീർഘിപ്പിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സഹകരണ വകുപ്പിൽ യു.ഡി. ക്ലാർക്കുമാരിൽ നിന്നും ഓഡിറ്റർ/ ഇൻസ്പെക്ടർ മാരായി പ്രൊമോഷൻ വഴി നിയമിക്കാറുണ്ടോ ;

(സി) എങ്കിൽ അങ്ങനെ പ്രൊമോഷൻ അവസാനമായി നല്കിയത് എന്നാണ് ;

(ഡി) മതിയായ യോഗ്യതയുള്ള യു.ഡി. ക്ലാർക്കുമാരെ പ്രൊമോട്ട് ചെയ്ത് ഓഡിറ്റർ/ഇൻസ്പെക്ടർമാരായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) ബി.കോം (കോ-ഓപ്പറേഷൻ) സഹകരണ വകുപ്പിലെ ക്ലാർക്ക് കേഡറിലെ പ്രൊമോഷൻ ടെസ്റ്റിന് കോ-ഓപ്പറേറ്റീവ് ടെസ്റ്റിനു പകരമായി അംഗീകരിച്ച യോഗ്യതയാണോ ;

(എഫ്) ആണെങ്കിൽ ആയതു സംബന്ധിച്ച് ഗവൺമെന്റ് ഉത്തരവ് നിലവിലുണ്ടോ ;

(ജി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന് നിലവിൽ പ്രാബല്യം ഉണ്ടോ ;

LIBRARY ARCHIVES Kerala.Legislative Assembly

(എച്ച്) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഐ) ജി.ഒ. (എം.എസ്.) നമ്പർ 472/63/എ.ഡി. തീയതി 12-11-1968-ലെ ഗവൺമെന്റ് ഉത്തരവിന് ഇപ്പോഴും നിയമപ്രാബല്യമുണ്ടോ ;

(ജെ) പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. പ്രസ്തുത ലിസ്റ്റിന്റെ കാലാവധി 5-8-2003-ൽ അവസാനിക്കും. കാലാവധി ദീർഘിപ്പിക്കുന്നകാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി & സി) സഹകരണ വകുപ്പിലെ യു.ഡി. ക്ലാർക്കുമാരെ ഉദ്യോഗക്കയറ്റം നൽകി ഓഡിറ്റർ/ഇൻസ്പെക്ടർ മാരായി നിയമിക്കാറുണ്ട്. യു.ഡി. ക്ലാർക്കുമാരിൽ നിന്നും ഓഡിറ്റർ/ഇൻസ്പെക്ടർ മാരായി അവസാനമായി നിയമനം നൽകിയത് 05-7-2003-ലാണ്.

(ഡി) മതിയായ യോഗ്യതയുള്ളവരെ മൊത്തം ഒഴിവിന്റെ 40%-ൽ അധികരിക്കാതെ മാത്രമേ നിയമിക്കുവാൻ സാധിക്കുകയുള്ളൂ. നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റുപ്രകാരം യോഗ്യതയുള്ള എല്ലാ യു.ഡി. ക്ലാർക്കുമാർക്കും ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്.

(ഇ) ബി.കോം. (കോ-ഓപ്പറേഷൻ) സഹകരണ വകുപ്പിലെ ക്ലാർക്ക് കേഡറിലെ പ്രൊമോഷൻ ടെസ്റ്റിന് കോ-ഓപ്പറേറ്റീവ് ടെസ്റ്റിന് പകരമായി അംഗീകരിച്ച യോഗ്യതയായി ഇപ്പോൾ പരിഗണിച്ചു വരുന്നില്ല.

(എഫ്-എച്ച്) ബാധകമല്ല.

(ഐ & ജെ) സഹകരണ സർവീസ് ചട്ടങ്ങളോടനുബന്ധിച്ച് 12-11-1968-ലെ 472/68/എ.ഡി. നമ്പരായി ഒരു ഉത്തരവുള്ളതായി കാണുന്നില്ല.

പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട കൺസ്യൂമർ ഫെഡറേഷനിലെ തസ്തികകൾ

116 (4276) ശ്രീ. ജോണിനെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കൺസ്യൂമർ ഫെഡറേഷനിലെ ഏതെല്ലാം തസ്തികകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ എത്രയും വേഗം റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly